ടാവൽ മാർട്ട്

328 (1036) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം കേരള ടാവൽ മാർട്ട് സംഘടിപ്പിക്കുന്നതിന് വകുപ്പ്നൽകിയ സാമ്പത്തിക സഹായം എത്ര കോടിയായിരുന്നു ; ഇതിന് മുൻപത്തെ ടാവൽ മാർട്ടിന് നൽകിയിരുന്ന സഹായം എത്ര ;

(ബി) കേരളത്തെ വെഡ്ഡിംഗ് ഡെസ്റ്റിനേഷനായി മാറ്റിയെടുക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് ടാവൽമാർട്ടിൽ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ടാവൽ മാർട്ടിൽ പങ്കെടുത്ത ബയർ/സെല്ലർമാരുടെ എണ്ണം മുൻ ടാവൽമാർട്ടിനെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) കേരള ടാവൽ മാർട്ടിന്റെ മൊത്തം വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്തത് ലഭ്യമാക്കാമോ ?

ഉത്തരം

(എ) കേരള ടാവൽ മാർട്ട് (KTM) 2014 സംഘടിപ്പിക്കുന്നതിന് ഈ വർഷം 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 50 ലക്ഷം രൂപ ഇതിനകം KTM സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. 2013-ൽ KTM-ന് 1 കോടി രൂപ സാമ്പത്തിക സഹായം നൽകിയിരുന്നു.

(ബി-ഡി) കേരള ടാവൽ മാർട്ട് സംഘടിപ്പിക്കുന്നത് KTM സൊസൈറ്റിയാണ്. KTM 2014 സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ KTM സൊസൈറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിവരം ശേഖരിച്ച് നൽകുന്നതാണ്.

സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികൾ

329 (1037) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര വിനോദ സഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട് ; അതിൽ ആഭ്യന്തര വിനോദ സഞ്ചാരികൾ എത്ര, വിദേശ വിനോദ സഞ്ചാരികൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വർഷങ്ങളിൽ സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ എടുത്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) വിനോദ സഞ്ചാരികളുടെ വർദ്ധനവ് അനുസരിച്ച് സംസ്ഥാനത്തിന്റെ വരുമാനം എത്ര വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആകെ 3,27,00,944 (മൂന്നു കോടി ഇരുപത്തിയേഴു ലക്ഷത്തി തൊള്ളായിരത്തി നാല്പത്തി നാല്) വിനോദ സഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട്. ഇതിൽ 23,84,824 (ഇരുപത്തിമൂന്ന് ലക്ഷത്തി എൺപത്തി നാലായിരത്തി എണ്ണൂറ്റി ഇരുപത്തി നാല്) പേർ വിദേശ സഞ്ചാരികളും 3,03,16,120 (മൂന്ന് കോടി മൂന്ന് ലക്ഷത്തി പതിനാറായിരത്തി ഒരുന്നൂറ്റി ഇരുപത്) പേർ ആഭ്യന്തര വിനോദസഞ്ചാരികളുമാണ്.

(ബി) ഉണ്ട്. വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	ആഭ്യന്തര ടൂറിസ്റ്റുകൾ	വിദേശ ടൂറിസ്റ്റുകൾ
2010	85,95,075	6,59,265
2011	93,81,455	7,32,985
2012	1,00,76,854	7,93,696
2013	1,08,57,811	8,58,143

(സി) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പര്യാപ്തവും നൂതനവുമായ താഴെപ്പറയുന്ന പദ്ധതികൾ ടൂറിസം മാർക്കറ്റിംഗ് വിഭാഗത്തിൽ ആവിഷ്കരിക്കപെട്ടിട്ടുണ്ട്.

- അന്താരാഷ്ട്ര വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി അന്താരാഷ്ട്ര വ്യാപാരമേള, റോഡ് ഷോ.
- ആഭ്യന്തര വിനോദസഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി നടത്തുന്ന ദേശീയ വ്യാപാരമേള, റോഡ് ഷോ.

LIBRARY ARCHIVES Kerala Legislative Assembly

- സംസ്ഥാന പ്രാദേശികതലങ്ങളിൽ ഓണം വാരാഘോഷം, ഉത്സവം, നിശാഗന്ധി നൃത്തോത്സവം.
- 'ഡ്രീം സീസൺ' എന്ന പേരിൽ ഏപ്രിൽ മുതൽ സെപ്റ്റംബർ പരെ നീണ്ടു നിൽക്കുന്ന പദ്ധതി.
- വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫേസ്ബുക്ക് തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ മുഖേനയുള്ള പരസ്യങ്ങൾ തുടങ്ങി നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) വിനോദസഞ്ചാരികളുടെ വർദ്ധനവ് അനുസരിച്ച് വരുമാനവും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	ടൂറിസ്റ്റുകളിൽ നിന്നുള്ള വരുമാനം (കോടിയിൽ)
2010	17,348.00
2011	19,037.00
2012	20,430.00
2013	22,926.55

ബേക്കൽ എയർസ്ട്രിപ്പ്

330 (1038) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് പ്രാഥമികാനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് അനുമതി നൽകിയത് ; വിശദാംശങ്ങൾ നല്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ഡി) ഈ പദ്ധതി നടപ്പിലാക്കാൻ എത്ര ഏക്കർ ഭൂമി വേണ്ടി വരും ; സർക്കാർ ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) സ്വകാര്യ വ്യക്തികളുടെ എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടി വരും ; ആയതിന് തുക നീക്കിവച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly